
ഒപ്പം
oppam
DIGITAL
magazine
2019-20
GVHSS PAYYOLI
Harigovind

# മുഖമൊഴി

ലിറ്റിൽ കൈറ്റ്സ്
സമർപ്പിക്കുന്ന അക്ഷരങ്ങളുടെ
ഉപഹാരമാണിത്
അധ്യയനവും അധ്യാപനവും
ഹൈടെക് ആയതോടെ സർഗാത്മതലം
ഊഷരമായിത്തീർന്നു
എന്ന ആക്ഷേപം നിരർത്ഥകമാണെന്ന്
ഇതിലെ ഓരോ രചനയും നമ്മോട്
പറയുന്നുണ്ട്.
മാറുന്ന കാലത്തോടൊപ്പം
നടക്കാൻ പുതു തലമുറയെ പ്രാപ്തമാക്കുക
എന്ന ഉദ്ദേശ്യം കൂടിയുണ്ട്
ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തിന്.
സർഗാത്മകയും സാങ്കേതിക വിദ്യയും ഒന്നിക്കുകയാണവിടെ.
പ്രതിഭയുടെ മിന്നലാട്ടം രചനകളിലേറെയും
പ്രകടിപ്പിക്കുന്നത് പ്രതീക്ഷയ്ക്ക്
വക നൽകുന്നു.
പരിമിതികളുണ്ടെങ്കിലും,
പരീക്ഷ മാത്രമല്ല പഠനം എന്ന്
കുട്ടികൾ തിരിച്ചറിയുന്നത്
ശുഭോദർക്കമാണല്ലോ?

എഡിറ്റോറിയൽ ബോർഡ്

# വാക്കി ടോക്കി

പച്ച മനുഷ്യന്റെ ഉച്ഛ്വാസമില്ലാത്ത തണുത്ത കാറ്റ് അൽഫീനിയൻ തെരുവുകളിലൂടെ ചൂളമടിച്ച് നടക്കുന്നുണ്ടായിരുന്നു. ഏതോ മനുഷ്യ ജന്മശാപത്തിന് മോക്ഷം തേടാനെന്ന വണ്ണം ഏതാനും തെരുവുവിളക്കുകൾ മാത്രം പാതയിൽ അവശേഷിച്ചു. ഹൃദയമുണ്ടായിട്ടും ധമനികളിൽ രക്തം ഉറഞ്ഞ് തന്നെ കിടന്നിരുന്ന 'മരപ്പാവ' കൾക്കിടയിലെ അനിർവചനീയമായ നിശബ്ദതയെ മുറിച്ചി മാറ്റിക്കൊണ്ട് ഒരു പട്ടാളവണ്ടി റോഡിൽ പൊടി പറത്തി ചീറിപ്പാഞ്ഞുപോയി.



തെരുവ് വിജനമായിരുന്നു.അവളുടെ മനസ്സും. പ്രതീക്ഷയുടെ നനവില്ലാത്ത വരണ്ട കണ്ണുകൾ നീളുന്ന പാതയെ പിന്തുടർന്നു കൊണ്ടിരുന്നു. പനിച്ചു വിറയ്ക്കുന്ന തന്റെ യാസിൻ മോന്റെ മുഖം ഒരു മിന്നൽ പോലെ വന്ന് ഇടയ്ക്കിടെ അവളുടെ മനസ്സിനെ പൊള്ളിച്ചു കൊണ്ടിരുന്നു. യ്സി മെന്റെ പ്രിയപ്പെട്ട പള്ളിക്കൂടം അടഞ്ഞു തന്നെ കിടന്നിരുന്നെങ്കിലും ചുമരിലെ പാൽ പാത്രം തട്ടി മറിച്ച കള്ളപ്പൂച്ചയുടെ ചിത്രം അവളെ നോക്കി എന്തോ മന്ത്രിച്ചു. യാസി മെന്റെ പ്രിയപ്പെട്ട ജട്ക്കാമിഠായികൾ വാങ്ങിക്കാറുള്ള ഹുസൈനിക്കയുടെ കടയും അഞ്ചാം പിറന്നാളിന് സൈക്കിൾ വാങ്ങിച്ചുകൊടുത്ത അല്ലാ അബ്ദുള്ളയുടെ കടയും അടഞ്ഞു തന്നെ കിടക്കുന്നുണ്ടായിരുന്നു. 'ഒരു രാത്രി കൊണ്ട് ഈ നാടിന് എന്താണ് സംഭവിച്ചത്?'. കാലുകൾക്ക് വേഗതയോറുമ്പോഴും അവളുടെ നെഞ്ചിന്റെ ഭാരം കൂടിക്കൊണ്ടിരുന്നു. കുന്നിൻചെരിവിൽ ചെമ്മരിയാടിനെ മേയ്ക്കാൻ പോകുന്ന കാലം തൊട്ടേ തനിക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്ന റോജാപ്പൂക്കളുടെ സുഗന്ധം അന്ന് എന്ത് കൊണ്ടോ അവളുക്ക് അസഹ്യമായി തോന്നി. വഴിയോരത്ത് ഒരു എസ്.ടി.ഡി. ബൂത്ത് കണ്ടപ്പോൾ ചിറകു മുളച്ച് കൃഷ്ണപ്പരുന്തിനെപ്പോലെ അവൾ അങ്ങോട്ടേക്ക് കുതിച്ചു. എന്നാൽ റിസീവർ ചെവിയോടടുപ്പിക്കുന്ന നിമിഷം പ്രതീക്ഷയുടെ തിരി നാളങ്ങൾ അണഞ്ഞു പോയി. 'ഇവിടെയെന്താണ് നടന്നത്? വിളിക്കാൻ ഫോണുമില്ല. പറയാൻ ആളുമില്ല. അള്ളാഹ്! അങ്ങെന്നെയിങ്ങനെ പരീക്ഷിക്കുന്നതെന്തിനാണ്? .....'

ചിന്തകൾക്ക് കനം കൂടുമ്പോഴേക്കും പട്ടാളവണ്ടിയുടെ ഞരക്കം കേട്ട് അവൾ ഞെട്ടി വിറച്ചു. ഒളിത്താവളത്തിലേക്ക് പായുന്ന ഞണ്ടിനെപ്പോലെ അവൾ രണ്ട് ചുമരിനുള്ളിലേക്ക് പാഞ്ഞൊളിച്ചു. നരക വാതിൽ വരെ നീളുന്ന വെട്ടമായിരുന്നിട്ടും, എന്തുകൊണ്ടോ ആ വണ്ടിക്കണ്ണുകൾ അവളെ കാണാതെ പോയി. വായ മൂടിക്കെട്ടിയ കാശ്മീരി പെണ്ണ

# ഒപ്പം

കിടാങ്ങളെപ്പോലെ ആ നാലു ചുമരുകൾ അവളെ തുറിച്ചു നോക്കി. 'യാ അള്ളാഹ്! അങ്ങെന്നെ കാത്തു രക്ഷിച്ചു. സാക്ഷാൽ സൃഷ്ടാവിന് നന്ദി പറഞ്ഞു കൊണ്ട് അവൾ യാത്ര തുടർന്നു. ഇരച്ചു കയറാൻ കാത്തിരിക്കുന്ന ഇരുട്ടും കുത്തിനോവിക്കുന്ന ഡിസംബറിന്റെ തണുപ്പും ആ അമ്മയുടെ കണ്ണുകൾക്ക് മുന്നിൽ മുട്ടുകുത്തി.

അസ്തമയ സൂര്യന്റെ വിടവാങ്ങി. പാതയിൽ മഞ്ഞു വീണു തുടങ്ങുമ്പോഴേക്കും അവൾ ലക്ഷ്യസ്ഥാനത്തേക്ക് എത്തിച്ചേർന്നിരുന്നു. 'അതെ, പട്ടാളക്യാമ്പു തന്നെ'. പരലോകത്തു നിന്നും ഇഹലോകത്തെ വേർതിരിക്കുന്ന വൻമതിലുകൾ പോലെ പട്ടാളക്യാമ്പിനു ചുറ്റുമുള്ള മുൾക്കമ്പികൾ അവൾക്ക് മുന്നിൽ നിരന്നു. ഒരു ജയിൽ പുള്ളിയുടെ പാടവത്തോടെ അവൾ വേലി കടന്ന് അകത്തേക്കെത്തി. ഇടിമിന്നലിൽ ഉയിർത്തെഴുന്നേറ്റ കൂണുകൾ പോലുള്ള കൂടാരങ്ങൾ അവൾക്കു മുന്നിൽ ചോദ്യചിഹ്നമായി. ഉത്സവപ്പറമ്പിൽ അമ്മയെ നഷ്ടപ്പെട്ട കുഞ്ഞിനെപ്പോലെ അവൾ പകച്ചു നിന്നു. ഒടുക്കം രണ്ടും കൽപിച്ച് അവൾ ഒരു കൂടാരത്തിലേക്ക് കാലെടുത്തുവച്ചു. അതാ താൻ തിരയുന്ന വസ്തു. --- ' വാക്കിടോക്കി '. പട്ടീളക്കീരന്റെ മേശപ്പുറത്തു കിടന്നിരുന്ന വാക്കിടോക്കിഅവളതു തട്ടിപ്പറിച്ചെടുത്ത് നെഞ്ചോടു ചേർത്തു. അതിനെ തിരിച്ചും മറിച്ചും നോക്കുമ്പോഴേക്കും വെടിയുണ്ടകൾ മുഴങ്ങുന്ന പട്ടാളബൂട്ടിന്റെ ശബ്ദം അവളെ ഞെട്ടിത്തരിപ്പിച്ചു. അവിടെ അവൾ കണ്ട ഏക ആശ്രയം കൂട്ടിവെച്ച പാർസൽ കെട്ടുകളായിരുന്നു. കുതിരയേക്കാൾ വേഗത്തിൽ ഓടുന്ന ഹൃദയവുമായി അവൾ പാർസൽ കെട്ടുകൾക്ക് പിറകിൽ ഒളിച്ചിരുന്നു.

പള്ളിക്കൂടത്തിൽ പോകുന്ന അയൽ വീട്ടിലെ ആമിനാബി പറഞ്ഞു കേട്ട പരിചയമേ അവൾക്ക് വാക്കിടോക്കിയെക്കുറിച്ച് ഉണ്ടായിരുന്നു. സാക്ഷാൽ റബ്ബിനെ മനസ്സിൽ ധ്യാനിച്ച് അവൾ ആ ചുവന്ന ബട്ടനിൽ വിരലമർത്തി. അതിൽ നിന്നും പുറത്തേക്കൊഴുകിയ പട്ടാളക്കാരന്റെ ഇടിമുഴക്കം പോലുള്ള ശബ്ദരേഖ കേട്ട് അവൾ ഞെട്ടിത്തെറിച്ചു. ഞെട്ടലിൽ പിന്നോട്ടാഞ്ഞപ്പോൾ പ്രകമ്പനത്തോടെ പാർസൽ കെട്ടുകൾ നിലം പതിച്ചു. "കോൻ ഹോ, വഹാം ?" ആരാണവിടെ? കുരുക്ഷേത്രത്തിലെ അർജുനനെപ്പോലെ ശബ്ദം കേട്ട ദിക്കിലേക്ക് അയാൾ വെടിയുതിർത്തു. വർഷങ്ങളുടെ പരിശീലന പാടവം ഉന്നം പിഴച്ചില്ല. ഇന്ത്യൻ പട്ടാളക്യാമ്പിൽ നുഴഞ്ഞു കയറിയ പാക്കിസ്ഥാൻ ചാരനെ പ്രതീക്ഷിച്ചിടത്ത് പക്ഷേ അയാൾക്ക് കേൾക്കാൻ കഴിഞ്ഞത് ഒരു സ്ത്രീയുടെ മരണ രോദനമായിരുന്നു. അലർച്ച കേട്ട ദിക്കിലേക്ക് അയാൾ പാഞ്ഞെടുത്തു. " അള്ളാഹ് ഈ നാടിന് എന്താണ് സംഭവിച്ച്ത്? ഒരു രാത്രി കൊണ്ട് ഈ തെരുവിനെ ആരാണ് ഭയപ്പെടുത്തിയത്? എന്റെ യാസിമോനെയും അഫ്സർക്കയെയും കാത്തുരക്ഷിക്കേണമേ.......എല്ലാവർക്കും നന്മ വരുത്തേണമേ....." വിക്കുന്ന ചുണ്ടുകളോടെ നിറഞ്ഞ കണ്ണുകളോടെ തന്റെ ഉള്ളിലെ ചൂട് പുറത്തേക്കൊഴുകുമ്പോഴേക്കും ജീവന്റെ

# ഒപ്പം

മാലാഖ ആ ഉടൽ വിട്ട് പറന്നു കഴിഞ്ഞിരുന്നു. പനിച്ചുവിറച്ച് ചുട്ടുപൊള്ളുന്ന മകനെ അവസാനമായി ഒരു നോക്കു കാണാൻ തന്റെ ഭർത്താവിനെ വിളിക്കാൻ അലയുന്ന ഒരു പാവം അമ്മയായിരുന്നു അതെന്ന് പട്ടാളക്കാരനും അറിഞ്ഞില്ല. രക്തം തണുത്തു കഴിയാത്ത ആ കൈകൾക്കും തെറിച്ചുവീണ ' വാക്കിടോക്കി 'യ്ക്കുമിടയിൽ പട്ടാളക്കാരന്റെയും യാസിമോന്റെയും ജീവിതം സമാന്തര പാതകൾ പോലെ നീണ്ടു പരന്നു തന്നെ കിടന്നു.

**PARVANA V H**
**10 P**

# മൊബൈൽ ജീവി

മൊബൈൽ ഫോണുകൾ നമ്മുടെ ജീവിതത്തിലെ ഒഴിച്ചു കൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്നു. വാട്ട്സ്ആപ്പും, ഇൻസ്റ്റഗ്രാമും ഫെയ്സ്ബുക്കും ഇല്ലാത്തവർ ഇന്ന് വളരെ വിരളമാണ്. പ്രായമായവരും, മുതിർന്നവരും, ചെറിയ കുട്ടികളും ഒരേ പോലെ ഇന്ന് സോഷ്യൽ മീഡിയയ്ക്ക് അടിമപ്പെട്ടിരിക്കുന്നു. ഒരു വീട്ടിലെ അച്ഛനും അമ്മയും കുട്ടികളും തമ്മിൽ ഉണ്ടാവേണ്ട സംഭാഷണ വേളകൾ പോലും മൊബൈൽ ഫോൺ കയ്യടക്കിയിരിക്കുന്നു.

ഏറ്റവും കൂടുതൽ കൗമാര പ്രായക്കാരിലാണ് മൊബൈൽ ഉപയോഗം കൂടുതൽ കണ്ട് വരുന്നത്. വിരൽ തുമ്പിൽ വേണ്ടതെല്ലാം ലഭിക്കുമ്പോൾ അവർ ജീവിക്കാൻ മറക്കുന്നു. സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാതെ അവരുടേതായ ലോകത്തേക്ക് ചുരുങ്ങിപ്പോകുന്നു. അമ്മയേയും അച്ഛനേയും സ്നേഹിക്കാൻ മറക്കുന്ന ജീവിതമൂല്യം നഷ്ടപ്പെട്ടവരായി അവർ മാറിയേക്കാം. കാലിക പ്രശ്നങ്ങളിൽ സോഷ്യൽ മീഡിയയിൽ വലുതായി പോസ്റ്റിടുന്ന പലർക്കും അതേ കാര്യം വേദിയിൽ നിന്ന് സംസാരിക്കാൻ പറഞ്ഞാൽ മുട്ടിടിക്കും. മൊബൈൽ ടൈപ്പ് ചെയ്യുന്നതു എളുപ്പമല്ല ജീവിതമെന്ന് അവർ അറിയുന്നില്ല. ഒന്നും ആലോചിക്കാതെ എടുത്തു ചാടാനുള്ള പ്രേരണ ഉള്ളതിനാൽ തന്നെ സൈബർ ചതിക്കുഴികളിൽ അവർ അകപ്പെടുന്നു. എത്രയൊക്കെ ദോഷങ്ങൾ മൊബൈൽ ഫോണുകൾ കാരണമുണ്ടോ അതിലേറെ ഉപകാരവും ഉണ്ട്.

കഴിഞ്ഞ പ്രളയ കാലങ്ങളിൽ നാം കണ്ടു പുതു തലമുറ സോഷ്യൽ മീഡിയയുടെ സഹായത്തോടെ എന്തെല്ലാം നല്ല പ്രവർത്തികൾ ചെയ്തെന്ന്. പോലീസിനേയും രക്ഷാപ്രവർത്തകരേയും അപകടമേഖലകളിലേക്ക് ശ്രദ്ധതിരിപ്പിച്ചതും പ്രളയവാർത്തകളും അറിയിപ്പുകളും എത്തിച്ചതും ഈ മൊബൈൽ ജീവികൾ തന്നെയാണ്. മനസ്സിലെ മനുഷ്യത്വവും സ്നേഹവും നന്മയും നഷ്ടപ്പെടാത്ത പുതു തലമുറയെ നമുക്കിതിൽ കാണാം. അടുത്ത നാളുകളിൽ കൊറോണയുടേയും നിപ്പയുടേയും വാർത്തകൾ എല്ലാവരെയും അറിയിക്കുന്നതിനും അവരെ ബോധവാന്മാരാക്കുന്നതിലും സോഷ്യൽ മീഡിയയുടെ പങ്ക് വലുതാണ്. എന്തൊക്കെ ക ◌ുറ്റങ്ങൾ പറയാനുണ്ടെങ്കിലും ജീവിതമൂല്യവും

# ഒപ്പം

സാമൂഹിക പ്രതിബദ്ധതയും സഹായമനസ്കത

യും നഷ്ട പ്പെടാത്തൊരു പുതുതലമുറ ഇന്നുണ്ട്.

**NIRUPAMA PARVATHI S**
**9 M**











**MARTIN COOPER**

# ഓർമ്മപ്പൂക്കാലം



ഓർമ്മകളിൽ ഓടിയെത്തും
പൂ പറിക്കാൻ പോയ കാലം
പൂത്തുമ്പികളായ്.

പൂന്തെന്നലായ്
പാട്ട് പാടി പാറി വന്നൊരു ഓർമ്മപ്പൂക്കാലം
ഓർമ്മകളിൽ ഓടിയെത്തും
പൂ പറിക്കാൻ പോയ കാലം.

വഴി തൻ മാധുര്യത്തിൽ
ഓളങ്ങൾക്കപ്പുറം തുള്ളി വന്നൊരു
മാധുര്യകാലം.

മിഴി തൻ ഈണത്തിൽ
താളങ്ങൾക്കപ്പുറം ഓടി വന്നൊരു
തിങ്കൾപ്പൂക്കാലം.

ഓണക്കാലത്തിൽ പൂക്കളിട്ടൊരു
തുമ്പപ്പൂക്കാലം
ഇനിയും വരുമോ ആ ഓർമ്മപ്പൂക്കാലം

# വൃദ്ധ സദനം



എടിയേ.........................................ഉമ്മറത്തു നിന്നും ഉയർന്ന ഒരു വിളി കേട്ടപ്പോൾ സന്ധ്യയെന്ന വെറുമൊരു വീട്ടമ്മ ഓടി വന്നു. പത്രാസുകാരിയായ അടുത്ത വീട്ടിലെ ജസി എന്ന വ്യക്തിയെ അന്വേഷിച്ച് ഒരു മനുഷ്യൻ ഉമ്മറത്തു നിൽക്കുന്നു.സന്ധ്യയുടെ ഭർത്താവിന്റെ അമ്മയാണ് വിളിച്ചു പറഞ്ഞത്. അമ്മ പറഞ്ഞു "മോളേ ഇവരെന്താ പറയുന്നേ നോക്കിയേ" കേൾവിക്കുറവുണ്ടായിരുന്നതി നാൽ സരോജിനിയമ്മയ്ക്ക് ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല. സന്ധ്യ ചോദിച്ചു. ആരാ? എന്തിനാ വന്നേ? ജസി ചേച്ചിയുടെ വീടേതാ? അയാൾ ചോദിച്ചു. ഞാൻ അടുത്ത വീട് ചൂണ്ടിക്കാണിച്ച് കൊടുത്തു. അയാൾ അവിടെ നിന്നും പോയി. അങ്ങനെ അടുത്ത വീട്ടിലേക്ക് കയറി. ആഡംബരവും ആർഭാടത്തോടെയും ജീവിക്കുന്ന ആ സ്ത്രീ കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ട് പുറത്തേക്കിറങ്ങി. “ ഓ, ഇതാര്, സുരേഷോ? “-- I am waiting for you. ആ വൃദ്ധസദനത്തിലെ കാര്യമെന്തായി. അവിടെ അഡ്മിഷൻ കിട്ടിയോ? കിട്ടാതെ പിന്നെ? അവിടെയുള്ള ആ സ്ത്രീയുടെ ഭർത്താവിന്റെ അച്ഛനെയും അമ്മയേയും വൃദ്ധസദനത്തിലേക്ക് മാറ്റാൻ വേണ്ടിയായിരുന്നു അയാൾ അവിടെ എത്തിയത്.



സ്വന്തം മാതാപിതാക്കളെ വൃദ്ധസദനത്തിലേക്ക് തള്ളുന്ന ഒരു സമൂഹത്തിലേക്ക് ജസി എന്ന സ്ത്രീ മാറുമ്പോൾ ആ സമൂഹത്തിൽ തന്നെ തൊട്ടടുത്ത വീട്ടിലെ സന്ധ്യയെന്ന വീട്ടമ്മ മറ്റുള്ളവർക്ക് മാതൃകയായി സ്വന്തം

# ഒപ്പം

അച്ഛനെയും കേൾവിക്കുറവുള്ള അമ്മയേയും നോക്കി സ്നേഹം മാത്രം നൽകി ജീവിക്കുന്നു. അടുത്ത ദിവസം അച്ഛനേയും അമ്മയേയും കൊണ്ട് ജസി വൃദ്ധസദനത്തിലേക്ക് പുറപ്പെടുന്നു. ഒരുപാട് കൂട്ടുകാരെ കാണാനും അവരോടൊപ്പം കഴിയാനും അച്ഛനും അമ്മയ്ക്കും താത്പര്യമില്ലേ എന്നും പറഞ്ഞാണ് അവരെ കൂട്ടിക്കൊണ്ട് പോന്നത്. ആ വൃദ്ധസദനത്തിന്റെ ഓഫീസിൽ പേരും രജിസ്റ്റർ ചെയ്ത് ആ വൃദ്ധരെ അവിടെയാക്കി പെട്ടെന്ന് പോകാൻ തിരിഞ്ഞപ്പോൾ ആ അച്ഛൻ പറഞ്ഞു "എനിക്ക് സന്തോഷമേ ഉള്ളൂ. പക്ഷേ നീ വാർദ്ധക്യത്തിലെത്തുമ്പോൾ ഇവിടെ വരാതിരിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കാം. അൾശിമേഴ്സ് ബാധിച്ച ആ അമ്മയെ ഇത്രയും കാലം നോക്കിയതിലും. " ആ അച്ഛൻ വാക്കുകളവസാനിപ്പിച്ചു.

അവിടെ നിന്നും തിരിച്ചപ്പോൾ ജസിയുടെ കൂടെയുണ്ടായിരുന്നത് അവളുടെ മകൻ കൃഷ്ണ മാത്രമായിരുന്നു. കൃഷ്ണ ചോദിച്ചു. "മമ്മി വയസ്സാകുമ്പോൾ അപ്പൂപ്പനെ കൊണ്ടു വിട്ട സ്ഥലത്തല്ലേ? മമ്മിയെ ഞാനും കൊണ്ടുവിടേണ്ടത്? ". അവന്റെ വാക്കുകൾ കേട്ടപ്പോൾ അവൾക്ക പശ്ചാത്താപം തോന്നി. ജസി അവളുടെ തെറ്റുകൾ മനസ്സിലാക്കി അച്ഛനേയും അമ്മയേയും തിരിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടു വന്നു. സ്വന്തം തെറ്റുകൾ അവൾക്ക് നാലാം ക്ലാസ്സുകാരന്റെ വാക്കുകളിലൂടെ വ്യക്തമായി.

